# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3202 14.03.2018-ൽ മറുപടിയ്ക്ക്

## പ്രവാസി മലയാളികൾക്ക് ആശ്വാസ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. എം. മുകേഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസി മലയാളികൾ വൻതോതിൽ തൊഴിൽ സുരക്ഷയില്ലായ്മ നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പുതിയ ആശ്വാസ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതായി അറിയിക്കാമോ ; | (എ) വിദേശ ഇന്ത്യാക്കാരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും ഇന്ത്യാ ഗവൺമെന്റ് മുന്തിയ പരിഗണനയാണ് നല്കി വരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ഇവരുടെ ക്ഷേമത്തിനായി 'The Indian Community Welfare Fund, MADAD Portal, പ്രവാസി ഭാരതീയ ഭീമാ യോജന, ഇ-മൈഗ്രേറ്റ് സിസ്റ്റം, ഇൻഡ്യൻ വർക്കേഴ്സ് റിസോഴ്സ് സെന്റർ, ഹെൽപ് ലൈൻസ്, അഭയകേന്ദ്രം തുടങ്ങിയ സേവനങ്ങൾ ഇന്ത്യാ ഗവൺമെന്റ് വിദേശ രാജ്യങ്ങളിലെ എംബസി മുഖേന നല്കി വരുന്നു.<br>ദുരിതം അനുഭവിക്കുന്ന പ്രവാസികൾക്ക് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഒരു ദിശയിലേക്കുള്ള വിമാന യാത്രാക്കൂലി, ചികിത്സാ ചെലവ്, നിയമപരമായ സഹായം, മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള സഹായം, ദുരിതമനുഭവിക്കുന്ന സ്ത്രീകളായ പ്രവാസികൾക്ക് അർഹതയ്ക്കനുസരിച്ച് സാമ്പത്തിക സഹായം എന്നിവ ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ട് പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. |
| (ബി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്നവർക്ക് വേണ്ടി വിദേശകാര്യ മന്ത്രാലയം ഏതെങ്കിലും നിലയിലുള്ള സഹായം ലഭ്യമാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നല്കാമോ ? | (ബി) ജോലി നഷ്ടപ്പെട്ട തിരികെ എത്തുന്ന പ്രവാസികളുടെ കാര്യത്തിൽ, സംസ്ഥാനങ്ങളുമായി സഹകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |

ഉസേക്ഷൻ ഓഫീസർ